**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3496 18.02.2013 - ൽ മറുപടിയ്ക്ക്

<u>സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം</u>

ചോദ്യം

ഉത്തരം

ശ്രീമതി. കെ. എസ്. സലീഖ

**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെടുകാര്യസ്ഥതയും അഴിമതിയും നിമിത്തം സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം അവതാളത്തിലായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എൻഡോസൾഫാൻ ദുരിതബാധിതരടക്കം അവശത അനുഭവിക്കുന്ന അരലക്ഷത്തോളം പേർക്കുള്ള സഹായ വിതരണം അനിശ്ചിതത്വത്തിലാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മിഷന്റെ പ്രവർത്തനത്തിനാവശ്യമായ ധനശേഖരണം നിലച്ചതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മിഷന്റെ പ്രവർത്തന ഫണ്ട് ശേഖരണത്തിനുള്ള പ്രധാന ഉപാധി എന്താണ്; വ്യക്തമാക്കുമോ; | (ഡി) | മിഷന്റെ കാരുണ്യ പവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരം മിഷന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പേയ്മെന്റ് ഗേറ്റ്‌വേയിലൂടെ സംഭാവനകൾ സ്വീകരിക്കുന്നു. കൂടാതെ സ്റ്റാമ്പ് വിൽപനയിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സംഭാവനയിലൂടെയും തുക സമാഹരിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | മിഷന്റെ പ്രവർത്തനത്തിനായി എത്രകോടി രൂപ സമാഹരിക്കുവാൻ അനുമതി നൽകി; ആയതിൽ 2012 ഡിസംബർ 31 വരെ എന്ത് തുക സമാഹരിച്ചു; അനുമതി നൽകിയ തുക സമാഹരിക്കുന്നതിൽ വീഴ്ച വന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ? | (ഇ) | സ്റ്റാമ്പ് വിൽപനയിലൂടെ 11 കോടി രൂപ സമാഹരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അതായത് ജില്ലാ പഞ്ചായത്തിൽ നിന്നും 10 ലക്ഷം രൂപാ വീതവും, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും അഞ്ച് ലക്ഷം രൂപാ വീതവും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഒരു ലക്ഷം രൂപാ വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് അഞ്ച് ലക്ഷം രൂപാ വീതവും, കോർപ്പറേഷനിൽ നിന്നും 10 ലക്ഷം രൂപാ വീതവും സമാഹരിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ആയതിൽ സ്റ്റാമ്പ് വിൽപനയിലൂടെ 2.07 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 12.14 കോടി രൂപയും ഉൾപ്പെടെ 14.21 കോടി രൂപ 31.12.2012 വരെയുള്ള കാലയളവിനുള്ളിൽ സമാഹരിച്ചു. മിഷനിലെ പരിമിതമായ സംവിധാനങ്ങൾ ഉപയോഗിച്ച് പരമാവധി തുക സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ